# പുതിയ ജാവ 42 ബോബറുമായി
# ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്

കൊച്ചി: ഇന്ത്യൻ മോട്ടോർസൈക്കിൾ വിപണിയിൽ 'ഫാക്ടറി കസ്റ്റം' വിഭാഗത്തിന്റെ തുടക്കക്കാരായ ജാവ യെസ്ഡി ആ വിഭാഗത്തിൽ ആധിപത്യം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പുതിയ ജാവ 42 ബോബർ അവതരിപ്പിച്ചു. ഇന്ത്യൻ വിപണിയിൽ ബോബറും ഫാക്ടറി കസ്റ്റം സംസ്കാരവും അടുത്ത തലത്തിലേക്ക് കൊണ്ടുപോകാൻ ലക്ഷ്യമിട്ടുള്ള ഈ പുതിയ മോട്ടോർസൈക്കിൾ ബോബർ മിതമായ ബോഡി വർക്ക്, ചോപ്പ്ഡ് ഫെൻഡർ, താഴ്ന്ന സിംഗിൾ സീറ്റ്, തടിച്ച ടയറുകൾ എന്നിവയോടെയാണ് എത്തുന്നത്.

പുതിയ ജാവ 42 ബോബറിൽ 334സിസി എഞ്ചിനാണുള്ളത്. ഇത് 30.64പിഎസ് പവറും, 32.74 എൻഎം ടോർക്കും നൽകുന്നു. ഇത് 6സ്പീഡ് ട്രാൻസ്മിഷനുമായാണ് എത്തുന്നത്. ഡിസൈനും സ്റ്റൈലിംഗും മാത്രമല്ല, 'ഫാക്ടറി കസ്റ്റം' അനുഭവം ഉയർത്തുന്നതിനുള്ള എർഗണോമിക്, മെച്ചപ്പെടുത്തിയ ടെക്നോളജിയും പുതിയ 42 ബോബറിന്റെ സവിശേഷതയാണ്.

പുതിയ ജാവ 42 ബോബറിലൂടെ സ്റ്റൈലിഷും വ്യതിരിക്തവുമായ കസ്റ്റം മോട്ടോർ സൈക്കിൾ ആഗ്രഹിക്കുന്ന റൈഡർമാരുടെ താൽപര്യങ്ങൾ പരിഗണിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് ക്ലാസിക് ലെജൻഡ്സ് സിഇഒ ആശിഷ് സിംഗ് ജോഷി പറഞ്ഞു.

മിസ്റ്റിക് കോപ്പർ, മൂൺസ്റ്റോൺ വൈറ്റ്, ജാസ്പർ റെഡ് (ഡ്യുവൽ ടോൺ) എന്നിങ്ങനെ ആകർഷകമായ മൂന്ന് നിറങ്ങളിൽ പുതിയ ജാവ 42 ബോബർ ലഭ്യമാകും. മിസ്റ്റിക് കോപ്പറിന് 2,06,500 രൂപയും മൂൺസ്റ്റോൺ വൈറ്റിന് 2,07,500 രൂപയും ജാസ്പർ റെഡിന് 2,09,187 രൂപയുമാണ് ഡൽഹി എക്സ് ഷോറൂം വില.

അടുത്ത ആഴ്ച ആദ്യം മുതൽ ജാവ യെസ്ഡി ഡീലർഷിപ്പുകളിലുടനീളം ഇത് ടെസ്റ്റ് റൈഡുകൾക്കും ഡെലിവറികൾക്കും ലഭ്യമാകും.